# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 23/10/2015

## (09 Muharram 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### THE ATTESTATION 'THERE IS NO GOD BUT ALLAH' /
### സാക്ഷീകരണം, ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിയ്ക്ക് ശേഷം, അദ്ദേഹം തന്റെ പ്രസംഗത്തിന്റെ മൂന്നാം ഭാഗം തുടർന്നു. സാക്ഷ്യപ്പെടുത്തൽ : "ലാ ഇലാഹ ഇല്ലല്ലാഹ്" അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല.

لَا إِلٰهَ إِلَّا اللّٰهُ

"ലാ ഇലാഹ ഇല്ലല്ലാഹ്" അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല. ഈ വിശ്വാസ പ്രസ്താവനയ്ക്ക് രണ്ട് സ്തംഭങ്ങളുണ്ട്. ഒന്നാമത്തേത് :- ഒരു ദൈവവുമില്ല, അതായത് യഥാർത്ഥ ദൈവീകതയെ നിഷേധിക്കുകയാണ് (അതായത് ആരാധനയ്ക്കുള്ള അർഹത) അല്ലാഹു അല്ലാത്ത മറ്റൊന്നിനുമില്ല.

രണ്ടാമത്തേത് :- ആരാധിക്കപ്പെടുവാനുള്ള അർഹത അല്ലാഹുവിന് മാത്രമാണ് എന്ന് സ്ഥിരീകരിക്കലാണ്. അല്ലാഹു (ത) പറഞ്ഞു. " ഇബ്രാഹീം തന്റെ പിതാവിനോടും തന്റെ ജനതയോടും പറഞ്ഞ സന്ദർഭം സ്മരിക്കുക. നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളിൽ നിന്ന് ഞാൻ തികച്ചും അകന്നവൻ തന്നെയാകുന്നു (43:27) അല്ലാഹുവിനെ ആരാധിക്കുന്നതു മാത്രം പോര, എന്നാൽ ഈ ആരാധനാ തികച്ചും അവന് മാത്രം അർഹതപ്പെട്ടതാണ്. ഏക ദൈവ സിദ്ധാന്തത്തിന് അർത്ഥമുണ്ടാകുന്നത്, അല്ലാഹു പരമോന്നതനാണ് എന്ന് നാം പ്രഖ്യാപിക്കുമ്പോഴാണ്, അതോടൊപ്പം ബഹു ദൈവാരാധനയെയും, അതിന്റെ ആരാധകരെയും നിരാകരിക്കുകയും ചെയ്യേണ്ടതുണ്ട്.

റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. "സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ" "ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല" എന്നതാകുന്നു. ഈ വാക്യം ഉച്ചരിക്കുന്നവർക്കെല്ലാം സ്വർഗ്ഗവാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു എന്നാണോ ഇതിന്റെ അർത്ഥം ? ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലാ എന്ന പ്രസ്താവന സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ അല്ല എന്ന് നാം അറിയണം. നിശ്ചയമായും ഈ കാര്യം നാം പരിശോധിക്കുമ്പോൾ ഓരോ താക്കോലിനും അതിന്റേതായ പല്ലുകളുണ്ട്. അപ്പോൾ നിങ്ങൾ കൊണ്ടു വരുന്ന താക്കോലിന്റെ പല്ല് ശരിയായ പല്ലുകൾ ഉള്ളതായിരിക്കണം. അപ്പോൾ നിങ്ങൾക്കായി സ്വർഗ്ഗം തുറക്കപ്പെടും. അല്ലെങ്കിൽ അത് നിങ്ങൾക്കായി തുറക്കപ്പെടുകയില്ല.

പ്രവാചക ശിരോമണി (സ) യുടെ അനേകം വചനങ്ങൾ ഇത് സംബന്ധമായി വന്നിട്ടുണ്ട്. താക്കോലിന്റെ പല്ലുകൾ എങ്ങനെയുള്ളതായിരിക്കണമെന്ന് അത് വ്യക്തമാക്കുന്നുണ്ട്. ഒരു പ്രവാചക വചനത്തിൽ ഇങ്ങനെ പറയുന്നു. " ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല" എന്ന് ആത്മാർത്ഥതയോടെ അഥവാ ഹൃദയ സാന്നിദ്ധ്യത്തോടെ അതുമല്ലെങ്കിൽ ആ വാക്കുകൾ ഹൃദയത്തിൽ നിന്നും സത്യമായി പുറപ്പെടുന്നതാണെങ്കിൽ, അപ്രകാരം പറയുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. ഈ പ്രവാചക വചനങ്ങളൊക്കെ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നതിന് ഒരു നിബന്ധന വെയ്ക്കുന്നുണ്ട്. " ആരാധനയ്ക്കർഹൻ

അല്ലാഹുവല്ലാതെ മറ്റാരുമില്ല'' എന്ന അറിവ് ഈ പ്രസ്താവന നമ്മുടെ മരണം വരെയും സ്ഥിരമായി നില നിർത്തേണ്ടതുണ്ട്. മറ്റു പ്രവാചക വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന അർത്ഥം നമ്മുടെ ജീവിത സമർപ്പണത്തിലൂടെ തെളിയിക്കണം. ഈ പറയപ്പെട്ട എല്ലാ തെളിവുകളുടെയും അടിസ്ഥാനത്തിൽ, ഇസ്ലാമിക പണ്ഡിതന്മാർ ഈ വ്യവസ്ഥകളുടെ കാര്യത്തിൽ ഒരു നിഗമനത്തിലെത്തി ചേർന്നിട്ടുണ്ട്. അതായത് ജീവിതത്തിൽ എന്തെല്ലാം തടസ്സങ്ങൾ ഉണ്ടായാലും അവ നീക്കം ചെയ്ത് തീർച്ചയായും ഇവ പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതുണ്ട്. അതായത് '' ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല'' എന്നത് യഥാർത്ഥത്തിൽ സ്വർഗ്ഗത്തിന്റെ താക്കോലായി തീരത്തക്ക നിലയിൽ.

**<u>ഈ സ്വർഗ്ഗീയ താക്കോലിന്റെ പല്ലുകൾ താഴെ പറയുന്നവയാണ്:-</u>**

**1. അറിവ് / ഇൽമ് : ഈ അറിവ് അജ്ഞതയ്ക്കെതിരാണ്. 2. ദൃഢത / യഖീൻ: മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൃഢ വിശ്വാസം ഉണ്ടായിരിക്കുക. ഇതിൽ സംശയമില്ല, എതിർപ്പില്ല, അനിശ്ചിതത്വമില്ല മറിച്ച് ദൃഢ വിശ്വാസം മാത്രം 3. സ്വീകാര്യത : ഖബൂൽ : ദൃഢ വിശ്വാസത്തോടെ നിങ്ങൾ കാര്യങ്ങൾ അറിയുമ്പോൾ, ആ അറിവ് നിങ്ങളുടെ ഹൃദയത്തിലും നാവിലും സ്വീകാര്യത പ്രകടമാക്കുന്നു. 4. സമർപ്പണം/ ഇൻഖിയാദ് : അല്ലാഹുവിന്റെ ഏകത്വത്തിലുള്ള സമ്പൂർണ്ണ സമർപ്പണം. ഈ സമർപ്പണം വിശ്വാസത്തിന്റെ മൂലക്കല്ലാണ്. വിശ്വാസ പൂർത്തീകരണത്തിന്റെ ഉപകരണവുമാണ്. ഇതു ബോധ്യമാവുന്നത്, അല്ലാഹു കൽപ്പിച്ചത് ചെയ്യുന്നതിലൂടെയും നിരോധിച്ചത് ഒഴിവാക്കുന്നതിലൂടെയുമാണ്. ഇത് അവൻ വ്യക്തി ജീവിതത്തിൽ പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതാണ്. 5. സത്യത / സിദ്ഖ് : ഈ വിശ്വാസ പ്രമാണ സാക്ഷ്യം പ്രഖ്യാപിക്കുന്നതിലൂടെ സത്യത്തിൽ പ്രവേശിക്കുകയും എല്ലാവിധ വ്യാജങ്ങളും ഉപേക്ഷിക്കുകയും ചെയ്യുന്നു. ആരെങ്കിലും ഇത് നാവുകൊണ്ട് പ്രഖ്യാപിക്കുകയും ഹൃദയം കൊണ്ട് നിരാകരിക്കുകയും ചെയ്യുന്നവർ കപട വിശ്വാസികളാണ്. കപടവിശ്വാസികളെക്കുറിച്ച് അല്ലാഹു (ത) പറയുന്നു. " തങ്ങളുടെ ഹൃദയങ്ങളിൽ ഇല്ലാത്ത കാര്യം നാവുകൊണ്ടവർ പറയുന്നു. "(48:12) 6. സ്നേഹം/മുഹബ്ബത്ത്:- അല്ലാഹുവിന്റെ സ്നേഹത്തിന് അവൻ മുൻഗണന കൊടുക്കണം, അത് അവന്റെ ഇച്ഛകൾക്കെതിരാണെങ്കിൽ പോലും! അല്ലാഹുവും അവന്റെ ദൂതനുമായി സ്നേഹബന്ധം സ്ഥാപിക്കുന്നവരുമായി നിങ്ങൾ സ്നേഹബന്ധം സ്ഥാപിക്കുക. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ശത്രുക്കളെ നിരാകരിക്കുക. 7. ആത്മാർത്ഥത /ഇഖ്ലാസ് : ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. " നിശ്ചയമായും അല്ലാഹു ഒരുവന് നരകം നിഷിദ്ധമാക്കിയിരിക്കുന്നു. "അവൻ പറയുന്നു. അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല" എന്ന്. ഈ പ്രഖ്യാപനം അല്ലാഹുവിന്റെ ആനുകൂല്യം പ്രതീക്ഷിച്ചു മാത്രമായിരിക്കുക. "(ബുഖാരി)**

നിങ്ങളിൽ അല്ലാഹുവിന്റെ കരുണ ഉണ്ടാകട്ടെ ! അവന്റെ അനുഗ്രഹങ്ങളാൽ അവൻ നിങ്ങളെ തലോടട്ടെ! ദൃഢ വിശ്വാസത്താൽ നിങ്ങളുടെ ഹൃദയം ധന്യമാകട്ടെ! സഹീഹിൽ ഇസ്ലാം നിങ്ങളിലൂടെ പ്രതിഫലിക്കട്ടെ! അത് നിങ്ങളുടെ ഹൃദയങ്ങളിലും പ്രവർത്തികളിലും നിഴലിക്കട്ടെ! ഇസ്ലാമിക സമൂഹം ഒന്നായി തീരട്ടെ! എല്ലാ നിലയിലും അല്ലാഹു (ത) തൃപ്തിപ്പെടട്ടെ! ആമീൻ.

**<u>Translated & Issued By</u>**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************